"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.) കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.റ്റി.ഡി.എഫ്.സി.)-യ്ക്ക് നൽകാനുള്ള ഹ്രസ്വകാല, ദീർഘകാല വായ്പകളിൽ ബാക്കി നിൽക്കുന്നതിൽ പലിശയും മറ്റ് പിഴകളും ചേർത്ത് ആകെ 436,49,00,000/- waive off ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(കൈ) നം.16/2025/TRANS തീയതി,തിരുവനന്തപുരം, 23-07-2025

പരാമർശം:-
1. സ.ഉ. (സാധാ) നം. 120/2024/TRANS തീയതി 30.03.2024.
2. സ.ഉ. (സാധാ) നം. 161/2024/TRANS തീയതി 25.04.2024.
3. കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 12.03.2025 തീയതിയിലെ KTDFC/1020/2021 നമ്പർ കത്ത്.
4. കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16.05.2024 തീയതിയിലെ KSCB/CM&R/1178/2024-25 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.)-യുടെ വായ്പകൾ തീർപ്പാക്കുന്നതിനായി കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.റ്റി.ഡി.എഫ്.സി.)-യ്ക്ക് One Time Settlement ആയി പരാമർശം (1) പ്രകാരം 412.50 കോടി രൂപയും, പരാമർശം (2) പ്രകാരം 212.50 കോടി രൂപയും ചേർത്ത് ആകെ 625 കോടി രൂപ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. കെ.റ്റി.ഡി.എഫ്.സി.-യ്ക്ക് നൽകാനുള്ള ഹ്രസ്വകാല, ദീർഘകാല വായ്പകളിൽ ബാക്കി നിൽക്കുന്നതിൽ പലിശയും മറ്റ് പിഴകളും ചേർത്ത് ആകെ 436,49,87,717/- waive off ചെയ്യണമെന്ന് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.റ്റി.ഡി.എഫ്.സി. പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഹ്രസ്വകാല, ദീർഘകാല വായ്പകളുടെ പട്ടിക ചുവടെ ചേർക്കുന്നു:

| Particulars | Short Term Loan | Long Term Loan |
|---|---|---|
| Principal | 0 | 0 |
| Interest | 2,64,63,39,955 | 0 |
| Penal Interest | 62,79,29,805 | 19,98,70,299 |
| Liquidated Damages | 65,93,26,296 | 23,15,21,362 |
| Total | 3,93,35,96,056 | 43,13,91,661 |

2. മാർച്ച് 2018-ൽ സർക്കാർ നിർദ്ദേശത്തെ തുടർന്നാണ് കെ.റ്റി.ഡി.എഫ്.സി. KSFE, KSBC, KSCARD എന്നിവിടങ്ങളിൽ നിന്നും 2350 കോടി രൂപ നിക്ഷേപം സമാഹരിച്ച് 2332.37 കോടി രൂപ കെ.എസ്.ആർ.ടി.സി.ക്ക് 10 ദിവസത്തേക്ക് ഹ്രസ്വകാല വായ്പ ആയി അനുവദിച്ചത്. മേൽ വായ്പയിൽ 2000 കോടി രൂപ മാത്രമേ കെ.എസ്.ആർ.ടി.സി. തിരികെ അടയ്ക്കുക ഉണ്ടായിട്ടുള്ളൂ. മേൽ തുക ഉപയോഗിച്ച് 2000 കോടി രൂപയുടെ നിക്ഷേപം തിരികെ നൽകിയതിന് ശേഷം ബാക്കി വന്ന നിക്ഷേപ തുക തിരികെ നൽകുന്നതിനായിട്ടാണ് മെയ് 2018-ൽ DCB Palakkad, DCB Ernakulam (നിലവിലെ കേരള ബാങ്ക്) എന്നിവിടങ്ങളിൽ നിന്നും കെ.റ്റി.ഡി.എഫ്.സി. 350 കോടി രൂപ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വായ്പ ആയി എടുത്തിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.ക്ക് വേണ്ടി കെ.റ്റി.ഡി.എഫ്.സി എടുത്ത 350 കോടി രൂപയുടെ വായ്പ സർക്കാരിൽ നിന്നും March-2024, April-2024 മാസങ്ങളിൽ ലഭിച്ച 425 കോടി രൂപ ഉപയോഗിച്ച് കെ.റ്റി.ഡി.എഫ്.സി. തീർപ്പാക്കിയിട്ടുണ്ട്. മേൽ വായ്പ തീർപ്പാക്കിയതായുള്ള കത്ത് കേരള ബാങ്കിൽ നിന്നും പരാമർശം (4) പ്രകാരം കെ.റ്റി.ഡി.എഫ്.സി.ക്ക് നൽകിയിട്ടുണ്ട്.

3. കെ.റ്റി.ഡി.എഫ്.സി.യിലെ നിക്ഷേപകരുടെ നിക്ഷേപം തിരികെ നൽകുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ കൺസോർഷ്യം ലോണിൽ നിന്നും പിൻമാറുന്നതിന് കെ.റ്റി.ഡി.എഫ്.സി. തീരുമാനിക്കുകയും കേരള ബാങ്ക് വായ്പാ വിഹിതം ഏറ്റെടുക്കുന്നതിന് തയ്യാറാവുകയും കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

4. One Time Settlement-ന്റെ ഭാഗമായി Principal amount അടച്ചു തീർത്തിട്ടുണ്ട്. Interest, Penal Interest, Liquidated Damage എന്നിവയാണ് KSRTC-യിൽ നിന്നും KTDFC-യ്ക്ക് ലഭിക്കാനുള്ളത്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.) കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.റ്റി.ഡി.എഫ്.സി.)-യ്ക്ക് നൽകാനുള്ള ഹ്രസ്വകാല, ദീർഘകാല വായ്പകളിൽ ബാക്കി നിൽക്കുന്നതിൽ പലിശയും മറ്റ് പിഴകളും ചേർത്ത് ആകെ 436,49,00,000/- (നാനൂറ്റി മുപ്പത്തിയാറ് കോടി നാല്പത്തി ഒൻപത് ലക്ഷം രൂപ മാത്രം) waive off ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി ബി നൂഹ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ

ലിമിറ്റഡ്, തിരുവനന്തപുരം.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,

തിരുവനന്തപുരം.

പൊതുഭരണ (എസ്.സി.) വകുപ്പ് - മന്ത്രിസഭായോഗ തീരുമാനം 3129 തീയതി 17.07.2025

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്
(2740395/PU-A2/172/2023/FIN-Part(1) dated 21.06.2025)

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി (E 2711541)

ഉത്തരവിൻ പ്രകാരം,

Signed by
Biju N
സെക്ഷൻ ഓഫീസർ.
Date: 23-07-2025 14:37:59

പകർപ്പ്:- ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.